www.gospelinmalayalam.com

# CHAPTER 3

3:1 **രാജ്യത്തെ പൗരനായ ക്രിസ്ത്യാനി**

ക്രേത്തയിൽ പാർത്തിരുന്നവരിൽ നല്ല പങ്കും തർക്കം ഉണ്ടാക്കുന്നവരും പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരുമായിരുന്നു.

റോമർ (സാമ്രാജ്യം) അവരെ ഭരിക്കുന്നത് ഇഷ്ടമില്ലാത്തവർ ആയിരുന്നു.

വി. പൗലൂസ് തന്റെ ലേഖനങ്ങളിലെല്ലാം തന്നെ ഭരിക്കുന്നവർക്കു കീഴടങ്ങി വിശ്വാസി പാർക്കണം എന്നു പ്രബോധിപ്പിച്ചു.

അതേ സമയം ദൈവത്തിന്റെ നിയമങ്ങൾക്ക് എതിരായി ഒന്നും ചെയ്യരുത്.

പൗലൂസ് കൊടുത്ത ഉപദേശം ടൈറ്റസ് ക്രേത്തയിലെ വിശ്വാസികൾക്കു കൊടുക്കണം.

രാഷ്ട്രീയ വ്യവസ്ഥകളോട് തർക്കിക്കാനോ എതിർക്കാനോ വിശ്വാസി നിൽക്കാതെ നല്ല പ്രവർത്തികളിൽ ശ്രദ്ധവച്ചു ജീവിക്കുവാനായി ശ്രദ്ധിക്കണം.

സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി വിശ്വാസി പ്രവർത്തിക്കണം.

3:2 ആരെക്കൊണ്ടും ദൂഷണം പറയരുത്.

കലഹിക്കരുത്, വിഷയങ്ങളെപ്പറ്റി അഭിപ്രായം ഉണ്ടായിരിക്കാം. എന്നാൽ ആ അഭിപ്രായത്തോട് യോജിക്കാത്തവരോട് കലഹിക്കാൻ നിൽക്കരുത്.

എല്ലാവരോടും സൗമ്യതയോടു വേണം പെരുമാറാൻ. ദൈവം നമ്മോടു ദയ കാണിച്ചു. നാം മറ്റുള്ളവരോടു ദയ കാണിക്കണം. ദയയും ദീർഘക്ഷമയും ഒരു വിശ്വാസിയുടെ സ്വഭാവത്തിന്റെ ശ്രേഷ്ഠതയത്രെ.

3:3 നമ്മുടെ പഴയ കഥ നാം മറക്കരുത്.

കർത്താവിങ്കലേയ്ക്ക് വരുന്നതിനു മുമ്പ് ക്രേത്തയിലെ ജനം ജീവിച്ചത് പരസ്പരം വഴക്കടിച്ചും, കലഹിച്ചും, നാനാമോഹങ്ങൾക്ക് അധീനരായും, അനുസരണം കെട്ടവരുമായിട്ടായിരുന്നു.

അവരുടെ സ്ഥിതി ഈർഷ്യ, അസൂയ ഇവയുള്ളവർ, ദ്വേഷിതർ, അന്യോന്യം പകെയ്ക്കുന്നവർ എന്നീ നിലകളിൽ ആയിരുന്നു.

3:4 ഈ നിലയിൽ ഈ ജനത്തെ ഉപേക്ഷിപ്പാൻ ദൈവത്തിന്റെ സ്നേഹത്തിന് കഴിഞ്ഞില്ല.

ദൈവം മനുഷ്യരെ സ്നേഹിക്കുന്നു. ദൈവം ദയാലുവത്രെ.

ദൈവത്തിന്റെ സ്നേഹത്താലും ദയയാലും ദൈവം 'മനുഷ്യന്റെ രക്ഷിതാവായി' വന്നു.

കർത്താവായ യേശുക്രിസ്തുവിൽ ദൈവം നമുക്ക് രക്ഷിതാവായി തീർന്നു.

3:5 നാം യോഗ്യരല്ലായിരുന്നു. ഒരു നന്മയും നമ്മിൽ ഇല്ലായിരുന്നു. എന്നാൽ ദൈവത്തിന്റെ മഹാകരുണ പ്രകാരം ദൈവം നമ്മെ രക്ഷിച്ചു. (Eph 2:4-9)

Eph 2:4-9 *കരുണാസമ്പന്നനായ ദൈവമോ നമ്മെ സ്നേഹിച്ച മഹാ സ്നേഹംനിമിത്തം അതിക്രമങ്ങളാൽ മരിച്ചവരായിരുന്ന നമ്മെ ക്രിസ്തുവിനോടു കൂടെ ജീവിപ്പിക്കയും കൃപയാലത്രേ നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നു ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനത്തെ വരുംകാലങ്ങളിൽ കാണിക്കേണ്ടതിന്നു ക്രിസ്തുയേശുവിൽ അവനോടുകൂടെ ഉയിർത്തെഴുന്നേല്പിച്ചു സ്വർഗ്ഗത്തിൽ ഇരുത്തുകയും ചെയ്തു. കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിന്നും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല.*

3:6-7 പാപത്തിൽ ജീവിച്ച വ്യക്തി, കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ ചൊരിഞ്ഞ യാഗത്താൽ വിശ്വാസത്താൽ നീതീകരിക്കപ്പെടുന്നു. യേശുവിന്റെ യാഗത്തിൽ വിശ്വാസം അർപ്പിച്ച് സ്വന്ത രക്ഷിതാവായി സ്വീകരിച്ചപ്പോൾ, സകല പാപങ്ങളും മോചിക്കപ്പെട്ടു. പൂർണ്ണ നീതീകരണം പ്രാപിച്ചു.

fleettech@gmail.com

www.gospelinmalayalam.com

അടുത്ത പടിയായ 'പുനർജനന സ്നാനത്താൽ' വിശ്വാസി ക്രിസ്തുവിനോടു ചേരുന്നു. (Rom 6:3-7)

Rom 6:3-7 *അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും. നാം ഇനി പാപത്തിന്നു അടിമപ്പെടാതവണ്ണം പാപശരീരത്തിന്നു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു. അങ്ങനെ മരിച്ചവൻ പാപത്തിൽ നിന്നു മോചനം പ്രാപിച്ചിരിക്കുന്നു.*

പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടെ മരിക്കുന്നു. പുതിയ മനുഷ്യൻ പരിശുദ്ധാത്മാവിന്റെ സഹായത്താൽ ജീവിക്കാൻ തുടങ്ങുന്നു. നമ്മിൽ ഒരു വലിയ നവീകരണം നടക്കുന്നു.

ഇതാണ് വിണ്ടും ജനനം. പഴയതു കഴിഞ്ഞുപോയി. ഇതാ സകലതും പുതുതായി തീർന്നിരിക്കുന്നു.

പരിശുദ്ധാത്മാവ് ക്രിസ്തുവിനുവേണ്ടി ജീവിക്കാനുള്ള കൃപ തരുന്നു. ശാന്തി നൽകുന്നു.

പരിശുദ്ധാത്മാവിന്റെ സഹായം കൂടാതെ വിജയകരമായ ക്രിസ്തീയ ജീവിതം സാധ്യമേ അല്ല. (2 Cor 5:17-19)

2 Cor 5:17-19 *ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു. അതിന്നൊക്കെയും ദൈവം തന്നേ കാരണഭൂതൻ; അവൻ നമ്മെ ക്രിസ്തുമൂലം തന്നോടു നിരപ്പിച്ചു, നിരപ്പിന്റെ ശുശ്രൂഷ ഞങ്ങൾക്കു തന്നിരിക്കുന്നു. ദൈവം ലോകത്തിന്നു ലംഘനങ്ങളെ കണക്കിടാതെ ലോകത്തെ ക്രിസ്തുവിൽ തന്നോടു നിരപ്പിച്ചു പോന്നു. ഈ നിരപ്പിന്റെ വചനം ഞങ്ങളുടെ പക്കൽ ഭരമേല്പിച്ചുമിരിക്കുന്നു.*

3:8 3:1-7 വരെ വിവരിച്ച വിഷയങ്ങൾ വിശ്വാസയോഗ്യം എന്ന് തറപ്പിച്ചു പറയുന്നു.

ക്രേത്തയിലെ ദുരുപദേശകർ ദൈവത്തെ അറിയുന്നു എന്നു പറയും. എന്നാൽ യഥാർത്ഥമായി ദൈവത്തെയും ദൈവസ്നേഹത്തെയും ദൈവത്തിന്റെ മനസ്സലിവിനെയും രുചിച്ചറിഞ്ഞ വിശ്വാസികൾ തങ്ങളുടെ ജീവിതം സൽപ്രവർത്തികൾക്കായി സമർപ്പിക്കണം.

തങ്ങളുടെ ജീവിതങ്ങളിലൂടെ അനേകർ ദൈവകൃപയിലേക്ക് വരുവാൻ അങ്ങനെ ഇടയാകും. സമൂഹത്തിൽ വിശ്വാസികൾ ചെയ്യുന്ന സൽപ്രവൃത്തികൾ അനേകരുടെ ആശ്വാസത്തിന് ഇടയാകും. അത് ശുഭവും മനുഷ്യർക്ക് ഉപകാരപ്രദവും ആകുന്നു.

3:9 യഹൂദന്മാരുടെ ഇടയിൽ ന്യായപ്രമാണത്തെക്കുറിച്ചുള്ള വാദങ്ങളും, തർക്കങ്ങളും, വംശാവലി എന്നീ വിഷയങ്ങളിലുള്ള കലഹങ്ങളും സാധാരണമായി നിലനിന്നു.

എന്നാൽ കർത്താവിങ്കലേക്കു വന്ന വിശ്വാസി ഇത്തരം വിഷയങ്ങളിൽ തർക്കിക്കാനോ പക്ഷം പിടിക്കുവാനോ ആവശ്യമില്ല.

ആത്മീയ ജീവിതത്തിന് യാതൊരു രീതിയിലും ഇതു ഉപകാരപ്രദമല്ല.

3:10-11 തർക്കം ഉണ്ടാക്കുന്ന മനുഷ്യൻ സഭയിൽ പ്രശ്നം സൃഷ്ടിക്കുന്നു.

അഹന്തയും എല്ലാം അറിയാം എന്ന ഭാവവും ഉള്ളവർ ഏത് ഉപദേശം കേട്ടാലും സ്വഭാവത്തിൽ മാറ്റം വരുത്തുവാൻ തയ്യാറാകില്ല.

ഇങ്ങനെയുള്ളവർ സഭയിൽ പിളർപ്പ് ഉണ്ടാക്കും. അതുപോലെ വിശ്വാസത്തിലേക്ക് വരുന്നവരെ നിരുത്സാഹപ്പെടുത്തുകയും ചെയ്യും.

fleettech@gmail.com

www.gospelinmalayalam.com

അത്തരം പ്രശ്നമുണ്ടാക്കുന്നവരെ മാറ്റി നിർത്തുക എന്ന ഉപദേശമത്രെ വി. പൗലൂസ് തിത്തോസിനു കൊടുക്കുന്നതും.

തുടർച്ചയായി പ്രശ്നം ഉണ്ടാക്കുകയും മാറ്റം വരുത്തുവാൻ തയ്യാറാകാതെയും ഇരിക്കുന്ന വ്യക്തി 'ദുരുപദേശകൻ' എന്നു സ്വയം കുറ്റം വിധിച്ചിരിക്കുന്നു.

3:12 നിക്കെ പോലിസിലേക്കു പോകുവാൻ വി. പൗലൂസ് ആഗ്രഹിച്ചു. തിത്തോസും. നിക്കെ പോലീസിൽ പൗലൂസിനോട് ചേരണം എന്ന് അറിയിക്കുന്നു.

ഈ സമയം ക്രേത്തയിൽ ശുശ്രൂഷിക്കുവാൻ അർത്തെമാസിനെയോ, തിഹിക്കോസിനെയോ അയയ്ക്കാനായി പൗലൂസ് ആഗ്രഹിച്ചു.

3:13 രണ്ടു വ്യക്തികളെ സഹായിക്കാനായി വി. പൗലൂസ് ക്രേത്തയിലെ സഭയ്ക്ക് എഴുതുന്നു.

1. ന്യായ ശാസ്ത്രിയായ സേനാസ്
2. അപ്പല്ലോസ്

ഒരു പക്ഷേ ഈ കത്ത് പൗലൂസ് കൊടുത്തയച്ചത് ഈ രണ്ട് വ്യക്തികളിലൂടെ ആയിരിക്കും.

3:14 ക്രേത്തയിൽ പാർക്കുന്ന ക്രിസ്തീയ വിശ്വാസികൾ സൽപ്രവൃത്തികൾക്കായി സ്വയം സമർപ്പിക്കട്ടെ എന്ന് പൗലൂസ് വാഞ്ചിക്കുന്നു.

അധ്വാനിക്കുവാനും, ഫലം പുറപ്പെടുവിക്കുവാനും അനേകരെ കൈ തുറന്നു സഹായിക്കുവാനും വകയുണ്ടാകട്ടെ എന്ന് കാംക്ഷിക്കുന്നു.

(3 John 5,6) യോഹന്നാന്റെ ലേഖനത്തിലും നാം ഈ ഉപദേശം കാണുന്നു.

3 John 5,6 *പ്രിയനേ, നീ സഹോദരന്മാർക്കും വിശേഷാൽ അതിഥികൾക്കും വേണ്ടി അദ്ധ്വാനിക്കുന്നതിൽ ഒക്കെയും വിശ്വസ്തത കാണിക്കുന്നു. അവർ സഭയുടെ മുമ്പാകെ നിന്റെ സ്നേഹത്തിന്നു സാക്ഷ്യം പറഞ്ഞിരിക്കുന്നു; നീ അവരെ ദൈവത്തിന്നു യോഗ്യമാകുംവണ്ണം യാത്ര അയച്ചാൽ നന്നായിരിക്കും.*

3:15 പൗലൂസും കൂടെ ഉള്ളവർ എല്ലാം ഒരേ ഐക്യത്തിൽ ക്രേത്തയിലുള്ള വിശ്വാസികൾ ദൈവകൃപയിൽ നിലനിൽക്കേണ്ടതിനും വിശ്വാസത്തിൽ മുന്നേറേണ്ടതിനും ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

കൃപ എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ എന്ന ആശിർവാദ വചനത്തോടെ ഈ കത്ത് അവസാനിക്കുന്നു.

fleettech@gmail.com